KSFE

ദി കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ്
(ഒരു കേരള സർക്കാർ സ്ഥാപനം)
ഭദ്രത, മ്യൂസിയം റോഡ്, പി. ബി. നമ്പർ. 510, തൃശ്ശൂർ – 680 020, കേരള, ഇന്ത്യ
ഫോൺ: +91 487 2332255, ഫാക്സ്: +91 487 2336232, www.ksfe.com

റഫ.നമ്പർ:3025/Plg തിയ്യതി : 30.05.2023

## സർക്കുലർ നമ്പർ 22/2023 (BD)

വിഷയം : 2023-24 സാമ്പത്തിക വർഷത്തിൽ മേഖലാ ഓഫീസുകൾക്കും ശാഖകൾക്കും ചിട്ടികളുടെയും വായ്പകളുടെയും പരസ്യ പ്രചരണത്തിനായി ചെലവഴിക്കാവുന്ന തുക സംബന്ധിച്ച്.

സൂചന :

1. 3006/Plg നമ്പറായി 05.04.2023, 11.04.2023 എന്നീ തിയ്യതികളിലായി മേഖലാ ഓഫീസുകളിലേയ്ക്കുള്ള മാനേജിങ്ങ് ഡയറക്ടറുടെ അറിയിപ്പ്.
2. 17/2023 നമ്പറായ 17.04.2023 ലെ സർക്കുലർ

** ** **

2023-24 സാമ്പത്തിക വർഷത്തിൽ നാം ലക്ഷ്യമിട്ടിരിക്കുന്ന പ്രധാനപ്പെട്ട പദ്ധതികളുടെ ബിസിനസ്സ് ലക്ഷ്യം താഴെപ്പറയുന്ന രീതിയിലാണ് .

| ക്രമ നമ്പർ | പദ്ധതി | വാർഷിക ലക്ഷ്യം |
|---|---|---|
| 1. | ചിട്ടി | 885 കോടി രൂപ |
| 2. | സ്വർണ്ണപ്പണയ വായ്പ | 10000 കോടി രൂപ |
| 3. | കെ.എസ്.എഫ്.ഇ.ഭവന വായ്പ | 1450 കോടി രൂപ |
| 4. | കെ.എസ്.എഫ്.ഇ. വ്യക്തിഗത വായ്പ | 1200 കോടി രൂപ |
| 5. | ചിട്ടി വായ്പ | 2100 കോടി രൂപ |

മുൻ വർഷങ്ങളിൽ നിന്ന് വ്യത്യസ്തമായി, ഈ സാമ്പത്തിക വർഷം വിതരണം ചെയ്യേണ്ട തുകയാണ് വായ്പകളുടെ വാർഷികലക്ഷ്യമായി നൽകിയിട്ടുള്ളത്. അതിനാൽ ചിട്ടി ക്യാംപയിനുകൾക്ക് പരസ്യം നൽകുന്നതിനോടൊപ്പം വായ്പകൾക്കും കൂടി മേഖലാതലത്തിലും ശാഖാതലത്തിലും പ്രത്യേക പരസ്യങ്ങൾ നൽകി വായ്പാ, നിക്ഷേപ അനുപാതത്തിൽ വർദ്ധനവ് വരുത്തിക്കൊണ്ട് കമ്പനിയുടെ വാർഷിക ലക്ഷ്യം കൈവരിക്കണമെന്നാണ് തീരുമാനിച്ചിട്ടുള്ളത്. ഇതിനുവേണ്ടി ഈ സാമ്പത്തിക വർഷത്തിൽ ശാഖകൾക്കും മേഖലകൾക്കും, പരസ്യ ഇനത്തിൽ താഴെ പറയുന്ന രീതിയിൽ തുക ചെലവഴിക്കാവുന്നതാണ്.

**ഈ സാമ്പത്തിക വർഷത്തെ ചിട്ടി പരസ്യ ഇനത്തിൽ ശാഖകൾക്ക് ചെലവഴിക്കാവുന്ന തുക**

| ശാഖയുടെ വാർഷിക ചിട്ടി ലക്ഷ്യം | 20 ലക്ഷം രൂപ വരെ | 20 ലക്ഷം രൂപയ്ക്ക് മുകളിൽ 80 ലക്ഷം രൂപയ്ക്ക് താഴെ | 80 ലക്ഷം രൂപ മുതൽ 1 കോടി രൂപയ്ക്ക് താഴെ | 1 കോടി രൂപ മുതൽ 2 കോടി രൂപയ്ക്ക് താഴെ | 2 കോടി രൂപ മുതൽ 3 കോടി രൂപയ്ക്ക് താഴെ | 3 കോടി രൂപ മുതൽ മുകളിലേയ്ക്ക് |
|---|---|---|---|---|---|---|
| പരമാവധി ചെലവഴിക്കാവുന്ന തുക | 35000 | 55000 | 60000 | 70000 | 90000 | 100000 |

**ഈ സാമ്പത്തിക വർഷത്തെ വായ്പാ – നിക്ഷേപ പരസ്യ ഇനത്തിൽ ശാഖകൾക്ക് ചെലവഴിക്കാവുന്ന തുക**

| ശാഖയുടെ വായ്പാ വാർഷിക ലക്ഷ്യം | 10 കോടി രൂപയ്ക്ക് താഴെ | 10 കോടി രൂപ മുതൽ 30 കോടി രൂപയ്ക്ക് താഴെ | 30 കോടി രൂപ മുതൽ 60 കോടി രൂപയ്ക്ക് താഴെ | 60 കോടി രൂപ മുതൽ മുകളിലേയ്ക്ക് |
|---|---|---|---|---|
| പരമാവധി ചെലവഴിക്കാവുന്ന തുക | 10000 | 15000 | 20000 | 25000 |

**2023-24 സാമ്പത്തിക വർഷത്തിൽ മേഖലാ ഓഫീസുകൾക്ക് പരസ്യ ഇനത്തിൽ ചെലവഴിക്കാവുന്ന തുക**

| ക്രമ നമ്പർ | മേഖല | ചിട്ടി | വായ്പ |
|---|---|---|---|
| 1. | എറണാകുളം റൂറൽ | 250000 | 50000 |
| 2. | എറണാകുളം അർബൻ | 300000 | 50000 |
| 3. | കണ്ണൂർ | 300000 | 50000 |
| 4. | കട്ടപ്പന | 250000 | 50000 |
| 5. | കൊല്ലം റൂറൽ | 250000 | 50000 |
| 6. | കൊല്ലം അർബൻ | 300000 | 50000 |
| 7. | കോട്ടയം | 300000 | 50000 |
| 8. | കോഴിക്കോട് അർബൻ | 300000 | 50000 |
| 9. | കോഴിക്കോട് റൂറൽ | 250000 | 50000 |
| 10. | മലപ്പുറം | 250000 | 50000 |
| 11. | പാലക്കാട് | 250000 | 50000 |
| 12. | പത്തനംതിട്ട | 250000 | 50000 |
| 13. | തൃശ്ശൂർ | 300000 | 50000 |
| 14. | തിരുവനന്തപുരം റൂറൽ | 250000 | 50000 |
| 15. | തിരുവനന്തപുരം അർബൻ | 300000 | 50000 |
| 16. | ആലപ്പുഴ | 300000 | 50000 |

അനുബന്ധ കാര്യങ്ങൾ

1. ഈ സാമ്പത്തിക വർഷത്തിൽ പരസ്യ ഇനത്തിൽ ചെലവഴിക്കാവുന്ന പരമാവധി തുകയാണ് മുകളിൽ നൽകിയിട്ടുള്ളത്.
2. 20% തുക ഡിജിറ്റൽ മാർക്കറ്റിങ്ങിന് വേണ്ടിയാണ് ഉപയോഗിക്കേണ്ടത്. ആവശ്യമെങ്കിൽ 40% വരെ ചെലവഴിക്കാവുന്നതാണ്.
3. ഈ സാമ്പത്തിക വർഷം പരസ്യ ഇനത്തിൽ മേൽ അനുവദിച്ചതിനേക്കാൾ അധിക തുക ശാഖകൾക്ക് ആവശ്യമായി വന്നാൽ പ്രസ്തുത പരസ്യ പരിപാടിയുടെ വിശദാംശം റീജിയണൽ ഓഫീസിൽ അറിയിച്ച് മുൻകൂർ അനുമതി വാങ്ങിയതിന് ശേഷം മാത്രമേ ചെയ്യാവൂ.
4. മുൻകൂർ അനുമതി വാങ്ങാതെ അധിക തുക പരസ്യത്തിന് ചെലവാക്കുവാൻ പാടുള്ളതല്ല.
5. ചിട്ടിയുടേതല്ലാതെ നൽകുന്ന പരസ്യങ്ങളിൽ സ്വർണ്ണപ്പണയ വായ്പ, ഭവന വായ്പ, നിക്ഷേപം എന്നിവയ്ക്ക് പ്രത്യേക ഊന്നൽ നൽകാൻ ശ്രദ്ധിക്കണം.
6. പരസ്യം നൽകിയതിന്റെ ബില്ലുകളും വൗച്ചറുകളും (കോപ്പി) പ്രത്യേകം ഫയൽ ചെയ്യേണ്ടതും ആയത് IAD പരിശോധനകൾക്ക് വിധേയമാക്കേണ്ടതുമാണ്.

## മേഖലാ ഓഫീസുകൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

1. സ്വർണ്ണപ്പണയ വായ്പയുടെ പരസ്യ പ്രചരണത്തിനായി വാഹന അനൗൺസ്മെന്റ്, മേഖലാ തലത്തിൽ നടത്തേണ്ടതാണ്. ഇതിന് മേഖലയിലെ ശാഖകളെ ക്ലസ്റ്റർ ആയി തിരിച്ച് അനൗൺസ്മെന്റ് നടത്താവുന്നതാണ്.
2. ചിട്ടികൾക്കും ഇതുപോലെ തന്നെ മേഖലയുടെ വിവിധ കേന്ദ്രങ്ങളിൽ - പ്രത്യേകിച്ചും പരസ്യങ്ങൾ ഒന്നും തന്നെ എത്താത്ത ഇടങ്ങൾ കണ്ടെത്തി ശ്രദ്ധയാകർഷിക്കുന്നതരത്തിൽ പൊതുവായ പരസ്യങ്ങൾ പ്രദർശിപ്പിക്കേണ്ടതാണ്.
3. മേഖലയുടെ പരിധിയിൽ വരുന്ന സ്ഥലങ്ങളിൽ ഹോർഡിങ്ങുകൾ, Bus Shelter, Pole Board എന്നിവയിൽ പരസ്യം നടത്തുന്നത് ആവശ്യമാണെങ്കിൽ കൃത്യമായ Location/ Map ഹെഡ് ഓഫീസിൽ അറിയിക്കാവുന്നതാണ്. ഹെഡ് ഓഫീസ് തലത്തിൽ പ്രസ്തുത പരസ്യം ചെയ്യുന്നതുമാണ്.

മേൽ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ച്, നമ്മുടെ ചിട്ടി ക്യാംപയിൻ, വായ്പാ പദ്ധതികൾ, നിക്ഷേപ പദ്ധതികൾ എന്നിവ കൂടുതൽ ജനങ്ങളിലേയ്ക്കെത്തിക്കുന്നതിനും ബിസിനസ്സ് ലക്ഷ്യം വിജയകരമാക്കുന്നതിനും വേണ്ടിയുള്ള സജീവമായ പ്രവർത്തനങ്ങൾ ഉണ്ടാകേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

വിശ്വസ്തതയോടെ
കെ.എസ്.എഫ്. ഇ യ്ക്ക് വേണ്ടി

**ഡോ.സനിൽ എസ്.കെ**
**മാനേജിംഗ് ഡയറക്ടർ**

To: **എല്ലാ ശാഖാ തലവൻമാർക്കും**
പകർപ്പ്:

i. എല്ലാ മേഖല ഓഫീസുകൾക്കും :
ii. ഹെഡ് ഓഫീസിലെ എല്ലാ വകുപ്പ മേധാവികൾക്കും
iii. എല്ലാ ഐ.എ.ഡി ടീമുകൾക്കും / പ്രിവന്റീവ് വിജിലൻസ് സ്ക്വാഡുകൾക്കും
iv എല്ലാ എസ്.ഡി.റ്റി ഓഫീസുകൾക്കും
v എം.ഡി. യുടെ പി.എ.
vi സർക്കുലർ ഫയൽ